DESPATCHED
On.27/6/22.....



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 302, 303(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5986, 5991/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 ജൂൺ 22

ശ്രീ. വിജയൻ പി.,
'വിജയ്', നിയർ മുൻസിഫ് കോർട്ട്, തളിപ്പറമ്പ,
തളിപ്പറമ്പ പി.ഒ., പിൻ - 670 141.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സബ് രജിസ്ട്രാർ,
സബ് രജിസ്ട്രാർ ഓഫീസ്,
തളിപ്പറമ്പ - 670 141.
2) അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ(ജനറൽ),
ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/07/2021, 03/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/07/2021, 18/08/2021, 09/08/2021, 30/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 14/01/2022, 13/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11/04/2022, 12/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/05/2022 |
| ഹിയറിംഗ് നടന്ന തീയതി | 21/06/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി - ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വിജയൻ പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികളിൽ സർവ്വെ നമ്പർ: 52/7-ൽ 95 സെന്റ് സ്ഥലം 2020, 2021-ൽ വിൽപ്പന നടത്തിയതിന്റെ രജിസ്ട്രേഷൻ നമ്പർ അറിയുന്നതിനായി ടിയാനിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പ്രകാരം അന്യായമായി വാങ്ങിയ തെരച്ചിൽ ഫീസായി ഈടാക്കിയ 105/- രൂപയും 1986 - 2015 കാലയളവിൽ വാങ്ങിയ സർവ്വെ നമ്പർ: 52/7-ൽ 8 സെന്റ് സ്ഥലത്തിന്റെ ആധാര നമ്പർ അറിയുന്നതിനായി ടിയാനിൽ നിന്നും തെരച്ചിൽ ഫീസായി

ഈടാക്കിയ 530/- രൂപയും തിരികെ നൽകുന്നതിന് വേണ്ട ഉത്തരവുണ്ടാകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.07.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തളിപ്പറമ്പ അംശം കീഴാറ്റൂർ ദേശം റീസർവ്വെ 52/7-ൽപ്പെട്ട കൊവ്വമ്മൽ പറമ്പ് നിന്ന ഭൂമി പേരുള്ള 95 സെന്റ് ഒട്ടളവുള്ള സ്ഥലത്തിൽ നിന്ന് കുറച്ച് സ്ഥലം കേളൊത്ത് വളപ്പിൽ ശ്രീധരൻ മുതൽ ചേർത്ത് 2020, 2021 എന്നീ വർഷങ്ങളിലായി വിൽപ്പന നടത്തിയ രജിസ്ട്രേഷൻ നമ്പർ ലഭ്യമാക്കണമെന്നും, 3.8.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തളിപ്പറമ്പ അംശം കീഴാറ്റൂർ ദേശം റീസർവ്വെ 52/7-ൽപ്പെട്ട വസ്തുവിൽ 1986 മുതൽ 2015 വരെയുള്ള കാലയളവിൽ ശ്രീ. പുല്ലായിക്കൊടി പുതിയ വീട്ടിൽ ചന്ദ്രന്റെ പേരിലും കൂടാതെ കുട്ടുവൻ അച്ചുതൻ, ഭാര്യ പട്ടാണി കാർത്ത്യാനിയുടെയും പേരിൽ സംയുക്തമായി ചമച്ചിട്ടുള്ള ആധാര നമ്പർ ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി 3.8.2021-ലെ അപേക്ഷയ്ക്ക് 18.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ആഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ച വിവരങ്ങളല്ലെന്നും അപേക്ഷയിൽ പരാമർശിച്ച കാലയളവിൽ തെരച്ചിൽ നടത്തി ക്രോഡീകരിച്ച് തയ്യാറാക്കേണ്ടവയാണെന്നും ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അവകാശമെന്നും വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും എങ്കിലും ഹർജിക്കാരൻ അപേക്ഷയിൽ സൂചിപ്പിച്ച വസ്തുവിന്റെ രജിസ്റ്റർ ചെയ്ത ആധാരം സംബന്ധിച്ച വിവരങ്ങൾ തെരച്ചിൽ നടത്തി ലഭിക്കുന്നതിന് 530/- രൂപ ഒടുക്കണമെന്നാണ്. ഹർജിക്കാരൻ 17.7.2021-ന് നൽകിയ അപേക്ഷയ്ക്ക് 26.7.2021-ന് നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ സൂചിപ്പിച്ച വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് മതിയായ ഫീസ് ഒടുക്കി ബാധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയോ അല്ലെങ്കിൽ 2020, 2021 വരെയുള്ള കാലയളവിലെ തെരച്ചിൽ നടത്തുന്നതിനാവശ്യമായ രജിസ്ട്രേഷൻ ഫീസായ 105/- രൂപ ടി ആഫീസിൽ ഒടുക്കേണ്ടതാണെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ 105/- രൂപ ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ 09.08.2021-നും 530/- രൂപ ഒടുക്കിയതിനെ തുടർന്ന് 30.9.2021-ലും ടിയാൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 13.1.2022, 14.01.2022 എന്നീ തീയതികളിൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷകളിൽ പ്രസ്താവിച്ചത്, ടിയാനിൽ നിന്നും അന്യായമായി ഈടാക്കിയ

105/- രൂപയും, 530/- രൂപയും തിരികെ നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 14.2.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരമുള്ള ചോദ്യങ്ങൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയതായി കാണുന്നു എന്നും രജിസ്ട്രേഷൻ ഓഫീസുകളിലെ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുമ്പോൾ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 78(1) പ്രകാരമുള്ള ഫീസ് ഈടാക്കാവുന്നതാണെന്നും ഇക്കാര്യം സംസ്ഥാന വിവരാവകാശ കമ്മീഷൻ തന്നെ അംഗീകരിച്ചിട്ടുള്ളതാണെന്നും സബ് രജിസ്ട്രാറുടെ ടി നടപടി ശരിയാണെന്ന് കമ്മീഷന്റെ 31.8.2016 തീയതിയിലെ എ.പി.നം.2355(1)/2015 നമ്പർ ഹർജിയിൽ നിരീക്ഷിച്ചിട്ടുണ്ടെന്നും മറ്റു നിയമത്തിലൂടെ പൊതു ജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ആവശ്യപ്പെടാവുന്നതല്ലെന്ന് ബഹു.സുപ്രീം കോടതി രജിസ്ട്രാർ ഡൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)3530/2011 നമ്പർ കേസിലെ വിധിന്യായത്തിലൂടെ വ്യക്തമാക്കിയിട്ടുള്ളതും ടി വിധിയെ 4.3.2020 തീയതി സിവിൽ അപ്പീൽ നം.1966-1967/2020 (എസ്.എൽ.പി(സി)നം.5840/2015) നമ്പർ വിധിയിലൂടെ സുപ്രീം കോടതി ശരിവെച്ചിട്ടുള്ളതുമാണന്നും ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ സർക്കാരിനോട് ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന് നികുതി വകുപ്പിന്റെ 25.5.2020 തീയതിയിലെ ജെ2/219/2019 നമ്പർ കത്തിലൂടെ മറുപടി നൽകിയിട്ടുള്ളത്, ഒരു പൊതു രേഖ ലഭ്യമാകുന്നതിലേക്ക് മറ്റേതെങ്കിലും നിയമപ്രകാരം പ്രത്യേക ഫീസ് ചുമത്തിയിട്ടുള്ളപക്ഷം ആയത് ഈടാക്കാവുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ പി.ഐ.ഒ. വീഴ്ചകളൊന്നും വരുത്തിയിട്ടില്ലെന്നു ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരൻ സമർപ്പിച്ച അപ്പീലുകൾ നിരസിച്ച് ഉത്തരവായതെന്നും വിവിധ വകുപ്പുകളിൽ നിന്നും സർക്കാർ ഫീസ് നിശ്ചയിച്ച് നൽകി വരുന്ന രേഖകൾ വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ആവശ്യപ്പെട്ടാലും അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമേ അപേക്ഷകർക്ക് നൽകാൻ പാടുള്ളുവെന്ന് കേരള സർക്കാരിന്റെ 18.2.2022 തീയതിയിലെ സിഡിഎൻ-5/24/21/പൊ.ഭവ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷകളിൽ സമയബന്ധിതമായും നിയമാനുസൃതമായും നടപടി സ്വീകരിക്കുന്നതിൽ യാതൊരു അലംഭാവും ടി ആഫീസിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും അപ്പീൽ ഹർജികൾക്ക് 14.2.2022 തീയതി ടി ഓഫീസിൽ നിന്നും ടിയാന് മറുപടി നൽകിയിട്ടുള്ളതാണെന്നും,

വിവരാവകാശ നിയമം അദ്ധ്യായം II വകുപ്പ് 4-ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പരിപാലിക്കുന്നതിൽ യാതൊരു വീഴ്ചയും ടി ആഫീസിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ലെന്നും സമയപരിധിക്കുള്ളിൽ കൃത്യമായി മറുപടി നൽകിയിരുന്നതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരൻ 17.7.2021, 3.8.2021 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷകളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് യഥാക്രമം 105/- രൂപയും 530/- രൂപയും ഹർജിക്കാരന് ഒടുക്കേണ്ടതായി വന്നു. ടി തുക തിരികെ ലഭിക്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യമെന്ന് കമ്മീഷന് ബോധ്യമാകുന്നു. Kerala Right to Information (Regulation of Fee & Cost Rules, 2006) പ്രകാരം ആവശ്യപ്പെടുന്ന രേഖ എ4 സൈസിലുള്ളതാണെങ്കിൽ ആയതിന് പേജ് ഒന്നിന് 3/- രൂപയും എ4 സൈസിന് മുകളിലുള്ളതാണെങ്കിൽ പേജൊന്നിന് യഥാർത്ഥത്തിൽ ആയതിന്റെ ഫോട്ടോ കോപ്പി എടുക്കുന്നതിന് ചെലവാകുന്ന തുകയുമാണ് വിവരാവകാശ നിയമപ്രകാരം ഈടാക്കേണ്ടത്. ബഹു. സുപ്രീം കോടതി WP(C) 194/2012 നമ്പർ കേസിൽ 20.3.2018-ലെ വിധിയിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും അപ്രകാരം കൂടുതൽ ഫീസ് ഈടാക്കുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനായി എ.പി.2281(1)/2018/എസ്.ഐ.സി നമ്പർ അപ്പീൽ ഹർജിയിൽ 4.2.2019-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിന് ലഭ്യമാക്കി ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18.2.2022-ലെ സിഡിഎൻ-5/24/2021/പൊഭവ. നമ്പർ സർക്കുലർ പ്രകാരം കമ്മീഷന്റെ മേൽ പ്രസ്താവിച്ച ഉത്തരവ് നിലവിൽ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സർക്കാർ ഫീസ് നിശ്ചയിച്ച് നൽകി വരുന്ന രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാലും, അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമെ നൽകുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. <u>(ടി സർക്കുലറിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി ഹർജിക്കാരന് **കമ്മീഷൻ ഉത്തരവിനോടൊപ്പം** അയച്ചു കൊടുക്കേണ്ടതാണ്.)</u> ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 35173/2019(V) നമ്പർ കേസിന്മേൽ ബഹു. ഹൈക്കോടതി 20.12.20219-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ 4.2.2019-ലെ കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്ന

സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ ഇക്കാര്യത്തിലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമെ ഹർജിക്കാരനിൽ നിന്നും തെരച്ചിൽ ഫീസ് ഇനത്തിൽ ഈടാക്കിയ തുക തിരികെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ കമ്മീഷന് നിർവ്വാഹമുള്ളു എന്നതിനാൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ നിലവിലെ സാഹചര്യത്തിൽ അപാകതയില്ലെന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

"ഭരണഭാഷ മാതൃഭാഷ"

കേരളസർക്കാർ

പൊതുഭരണ (ഏകോപനം) വകുപ്പ്

നം.സി.ഡി.എൻ.5/24/21/പൊഭവ.                തിരുവനന്തപുരം, തീയതി: 18.02.2022.

<u>സർക്കുലർ</u>

വിഷയം:- പൊതുഭരണ വകുപ്പ് - സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ച രേഖകൾ വിവരാവകാശ നിയമപ്രകാരമുള്ള നിരക്കിൽ നൽകണമെന്ന കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവിൽ സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നം.AP2281(1)/2018/SIIC, തീയതി 04.02.2019 ലെ ഉത്തരവ്

2) നോട്ടിഫിക്കേഷൻ നം.11259/സിഡിഎൻ5/2006/പൊഭവ, തീയതി, 09.05.2006

3) സ.ഉ (പി) നം.540/2007/പൊഭവ, തീയതി 18.12.2007

4) ബഹു.ഹൈക്കോടതിയുടെ 31.01.2020 ലെ WP(C)35173/2019 & connected cases മേലുള്ള വിധിന്യായം.

വിവരവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന എല്ലാ രേഖകളും പേജൊന്നിന് 5/- രൂപയിൽ കൂടുതൽ അപേക്ഷകരിൽ നിന്നും ഈടാക്കരുതെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

2) റവന്യൂ വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന BTR (Basic Tax Register), സ്ഥലത്തിന്റെ സ്കെച്ചിന്റെ പകർപ്പ്, സാറ്റലൈറ്റ് മാപ്പിംഗ്, രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന Encumbrance Certificate, തദ്ദേശസ്വയം ഭരണം, പൊതുമരാമത്ത്, തുടങ്ങിയ വകുപ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ രേഖകൾ, കേരള പബ്ലിക് സർവീസ് കമ്മീഷൻ നൽകുന്ന OMR ഷീറ്റിന്റെ പകർപ്പ്, സർവ്വകലാശാലകൾ നൽകുന്ന ഉത്തര കടലാസിന്റെ പകർപ്പുകൾ മുതലായ രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയാണ് അപേക്ഷകർക്ക് നൽകി വരുന്നത്. എന്നാൽ പരാമർശം (1) പ്രകാരമുള്ള കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം സൃഷ്ടിക്കുന്നതിനോടൊപ്പം, വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുമെന്നതിന് ഇടയാകുന്നുണ്ട്.

3) പരാമർശം 2,3 പ്രകാരം വിവരാവകാശ നിയമമനുസരിച്ച് അപേക്ഷകർ ആവശ്യപ്പെടുന്ന പൊതുരേഖകൾ നൽകുന്നതിന് മറ്റ് ഉത്തരവുകൾ/നിയമ പ്രകാരം സർക്കാർ പ്രത്യേക ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നം.WP(C)35173/2019 പ്രകാരം സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും, തുടർന്ന് നം.WP(C)35173/2019 & connected cases മേൽ പരാമർശം (1) പ്രകാരമുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതി പരാമർശം (4) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള വിവരാവകാശകമ്മീഷന്റെ ഉത്തരവ് നിലവിൽ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സർക്കാർ ഫീസ് നിശ്ചയിച്ച് നൽകിവരുന്ന രേഖകൾ വിവരാവകാശ നിയമ പ്രകാരം അപേക്ഷകർ ആവശ്യപ്പെട്ടാലും, അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമേ അപേക്ഷകർക്ക് നല്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിക്കുന്നു.

ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ